"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ദന്തൽ യൂണിറ്റ് തുടങ്ങുവാൻ ഭരണാനുമതി ലഭ്യമാക്കിയ 5 താലൂക്ക് ആശുപത്രികളിൽ അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(എം) വകുപ്പ്**

സ.ഉ.(കൈ) നം.299/2025/H&FWD തീയതി,തിരുവനന്തപുരം, 27-08-2025

---

പരാമർശം:- 1. സ.ഉ(സാധാ) നം.221/2024/ആ.കു.വ, തീയതി 30.01.2024

2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 10.08.2025 - ലെ പി.എൽ.എ4-7143/2023/ആ കു വ നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യ വകുപ്പിന്റെ കീഴിൽ ദന്തൽ യൂണിറ്റ് നിലവിലില്ലാത്ത ചുവടെ ചേർത്തിരിക്കുന്ന 5 താലൂക്ക് ആശുപത്രികളിൽ ദന്തൽ യൂണിറ്റ് തുടങ്ങുന്നതിന് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

| സ്ഥാപനം | ജില്ല |
|---|---|
| താലൂക്ക് ആശുപത്രി, ബേഡഡുക്ക | കാസർഗോഡ് |
| താലൂക്ക് ആശുപത്രി, മംഗൾപ്പാടി | കാസർഗോഡ് |
| താലൂക്ക് ആശുപത്രി, കൊണ്ടോട്ടി | മലപ്പുറം |
| താലൂക്ക് ആശുപത്രി, കട്ടപ്പന | ഇടുക്കി |
| താലൂക്ക് ആശുപത്രി, പത്തനാപുരം | ഇടുക്കി |

2. പ്രസ്തുത സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ പരാമർശം (2) കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദന്തൽ യൂണിറ്റ് തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള മേൽ പരാമർശിച്ച 5 താലൂക്ക് ആശുപത്രികളിൽ അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ കാസർഗോഡ്/മലപ്പുറം/ ഇടുക്കി/ കൊല്ലം

ധനകാര്യ വകുപ്പ് (2497513 / HLT-B1/143/2023-FIN പ്രകാരം )

പൊതു ഭരണ (എസ്.സി) വകുപ്പ് (ഇനം നം.3216, തീയതി 27.08.2025 )

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് കരുതൽ ഫയൽ /

ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Rashmi D**
**Date: 27-08-2025 20:24:40**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ പി.എസ്.ന്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്തെ 5 താലൂക്ക് ആശുപത്രികളിൽ അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവിൽ ഭേദഗതി വരുത്തി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(കൈ) നം.307/2025/H&FWD തീയതി,തിരുവനന്തപുരം, 02-09-2025

---

പരാമർശം:- സ.ഉ(കൈ) നം.299/2025/H&FWD തീയതി 27.08.2025

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം ആയതിൽ പ്രതിപാദിച്ചിട്ടുള്ള 5 താലൂക്ക് ആശുപത്രികളിൽ അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു .

2. ടി ഉത്തരവിലെ ഖണ്ഡിക (3), " സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഡെന്റൽ യൂണിറ്റ് തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള മേൽ പരാമർശിച്ച 5 താലൂക്ക് ആശുപത്രികളിൽ ഓരോ അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തിക വീതം സൃഷ്ടിച്ച് ഉത്തരവാകുന്നു" എന്ന് ഭേദഗതി വരുത്തിക്കൊണ്ടും ടി ഉത്തരവിലെ ഖണ്ഡിക (1) ൽ "താലൂക്ക് ആശുപത്രി, പത്തനാപുരം, ഇടുക്കി ജില്ല "എന്ന് രേഖപ്പെടുത്തിയിരുന്നത് "താലൂക്ക് ആശുപത്രി, പത്തനാപുരം ,കൊല്ലം ജില്ല " എന്നു തിരുത്തൽ വരു ത്തിക്കൊണ്ടും ഉത്തരവാകുന്നു .

3. പ്രസ്തുത ഉത്തരവിലെ പരാമർശം (2) - ൽ "ആരോഗ്യവകുപ്പ് ഡയറക്ടറുടെ 10.08.2025 ലെ "പി എൽ എ4-7143/2023/ആ കു വ നമ്പർ കത്ത് "എന്ന് രേഖപ്പെടുത്തിയിരുന്നത് "ആരോഗ്യവകുപ്പ് ഡയറക്ടറുടെ 10.08.2025 ലെ പി എൽ എ4-7143/2023/ആ വ ഡ നമ്പർ കത്ത്" എന്ന് തിരുത്തി വായിക്കേണ്ടതാണ്.

4.പരാമർശ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ & ഇ), തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ കാസർഗോഡ്/മലപ്പുറം/ ഇടുക്കി/ കൊല്ലം

ധനകാര്യ വകുപ്പ് (2497513 / HLT-B1/143/2023-FIN പ്രകാരം )

പൊതു ഭരണ (എസ്.സി) വകുപ്പ് (ഇനം നം.3216, തീയതി 27.08.2025 )

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Rashmi D

Date: 03-09-2025 10:51:36

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ പി.എസ്.ന്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-08-2025

ഫയൽ നം. എം1/249/2023/ആ.കു.വ. ഇനം നം: 3216

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിന് കീഴിൽ 5 അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

3216

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | എം1/249/2023/ആ.കു.വ |
| 2. വകുപ്പ് | ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ് |
| 3. വിഷയം | ആരോഗ്യ വകുപ്പിന് കീഴിൽ അസിസ്റ്റ് ദന്തൽ സർജൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം - സംബന്ധിച്ച്. |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 26.08.2025 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യവകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ ?<br>(ii) ഉണ്ടെങ്കിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്<br>ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചി ച്ചിട്ടുണ്ടോ; ഉണ്ടങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. സുഭാഷ് ആർ |
| 8. കുറിപ്പ് അംഗീകരിച്ചഅഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.രാജൻ എൻ ഖോബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.08.2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.08.2025 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണാ ജോർജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26.08.2025 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26.08.2025 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും. | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ആരോഗ്യ വകുപ്പിന് കീഴിൽ ദന്തൽ യൂണിറ്റ് നിലവിലില്ലാത്ത 5 താലൂക്ക് ആശുപത്രികളിൽ അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

**2)** ആരോഗ്യ വകുപ്പിന് കീഴിൽ ദന്തൽ യൂണിറ്റ് നിലവിലില്ലാത്ത 5 താലൂക്ക് ആശുപത്രികൾ, ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലായി 133 അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു.

**3)** തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് ഫയൽ അയച്ചപ്പോൾ ആ വകുപ്പ് താഴെ പറയുന്ന പ്രകാരം അഭിപ്രായം രേഖപ്പെടുത്തി:-

*" പ്രൊപ്പോസലിൽ ഉൾപ്പെട്ടിരിക്കുന്ന 5 താലൂക്ക് ആശുപത്രികളിൽ ( TH Bedadka, TH Mangalpady, TH Kondotty, TH Kattappana, TH Pathanapuram ) ഡെന്റൽ വിംഗ് തുടങ്ങുന്നതിന് ഭരണാനുമതി ലഭിച്ച ശേഷം സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത്, വളരെ മിനിമം തസ്തിക ഉൾക്കൊള്ളിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു."*

**4)** ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ, ദന്തൽ വിംഗ് നിലവിലില്ലാത്ത ചുവടെ ചേർത്തിരിക്കുന്ന 5 താലൂക്ക് ആശുപത്രികളിൽ ദന്തൽ വിംഗ് തുടങ്ങുന്നതിന് 30.01.2024 ലെ സ.ഉ(സാധാ) നം. 221/2024/ആ.കു.വ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായി.

- താലൂക്ക് ആശുപത്രി, ബേഡഡുക്ക ( കാസർഗോഡ്)
- താലൂക്ക് ആശുപത്രി, മംഗൾപ്പാടി( കാസർഗോഡ്)
- താലൂക്ക് ആശുപത്രി, കൊണ്ടോട്ടി (മലപ്പുറം )
- താലൂക്ക് ആശുപത്രി, കട്ടപ്പന (ഇടുക്കി)
- താലൂക്ക് ആശുപത്രി, പത്തനാപുരം ( കൊല്ലം)

5) ആർദ്രം മാനദണ്ഡ പ്രകാരം സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ ഒരു ദന്തൽ സർജൻ, ഒരു ദന്തൽ ഹൈജീനിസ്റ്റ്, ഒരു ദന്തൽ മെക്കാനിക് എന്നീ തസ്തികകളോട്ടുകൂടിയ

ദന്തൽ വിംഗ് മൈനർ സ്പെഷ്യാലിറ്റിയായി ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിനാൽ ഈ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ദന്തൽ സർജൻ, ദന്തൽ ഹൈജീനിസ്റ്റ്, ദന്തൽ മെക്കാനിക് എന്നിവരുടെ ഒരോ തസ്തിക വീതം സൃഷ്ടിക്കണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

6) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ സമർപ്പിച്ചപ്പോൾ ധനകാര്യവകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*"Administrative Department's proposal is deferred. This has the approval of Hon'ble Finance Minister".*

7) പിന്നീട് 130 അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. സർക്കാർ ഇത് പരിശോധിയ്ക്കുകയും ദന്തൽ യൂണിറ്റും അവിടുത്തെ functional aspects ഉം പരിശോധിച്ച് ദന്തൽ യൂണിറ്റ് തുടങ്ങുന്നതിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ ഏറ്റവും അനിവാര്യമായ മിനിമം തസ്തികകൾക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

8) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ/ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഡെന്റൽ യൂണിറ്റുകൾ പ്രവർത്തിക്കാൻ അസിസ്റ്റന്റ് ഡെന്റൽ സർജന്മാരുടെ തസ്തിക ആവശ്യമാണ്. കൂടാതെ പ്രസ്തുത തസ്തികയുമായി ബന്ധപ്പെട്ട PSC ലിസ്റ്റിന്റെ കാലാവധി ആഗസ്ത് മാസം 28-ാം തീയതി അവസാനിക്കുന്നതിനാൽ ടി തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ദന്തൽ യൂണിറ്റുകൾ പ്രവർത്തിക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യം ഉള്ള സ്ഥാപനങ്ങളുടെ ഗ്യാപ് അനാലിസിസ് നടത്തി അസിസ്റ്റന്റ് ദന്തൽ സർജന്മാരുടെ തസ്തിക നിലവിലില്ലാത്ത 6 താലൂക്ക് ആശുപത്രികൾ, അടിസ്ഥാന സൗകര്യം ലഭ്യമായിട്ടും തസ്തിക നിലവിൽ ഇല്ലാത്ത 23 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ/ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ (CHC / BFHC) എന്നിവിടങ്ങളിലായി 29 അസിസ്റ്റന്റ് ദന്തൽ സർജൻമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ 10.08.2025 ലെ കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കി.

9) തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് ഫയൽ അയച്ചപ്പോൾ ആ വകുപ്പ് താഴെ പറയുന്ന പ്രകാരം അഭിപ്രായം രേഖപ്പെടുത്തി:-

*" ദന്തൽ യൂണിറ്റ് തുടങ്ങാൻ ഭരണാനുമതി ലഭിച്ചതും Assistant Dental Surgeon തസ്തിക നിലവിലില്ലാത്തതുമായ 5 താലൂക്ക് ആശുപത്രികളിൽ (TH കട്ടപ്പന, TH ബേഡഡുക്ക, TH മംഗൽപ്പാടി, TH പത്തനാപുരം,TH കൊണ്ടോട്ടി) ഓരോ Assistant Dental Surgeon തസ്തിക വീതം സൃഷ്ടിക്കാൻ ഭരണ വകുപ്പിന് അനുമതി നൽകുന്നു.*

*ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

10) ഇപ്രകാരം തസ്തികകൾ സൃഷ്ടിക്കുമ്പോൾ സർക്കാരിന് പ്രതിവർഷം ഏകദേശം 41,26,200/- രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്.

11) ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്

## തീരുമാനിക്കേണ്ട സംഗതി

ധനകാര്യ വകുപ്പിന്റെ യോജിപ്പിന്റെ അടിസ്ഥാനത്തിൽ 30.01.2024 ലെ സ.ഉ(സാധാ) നം. 221/2024/ആ.കു.വ പ്രകാരം ദന്തൽ യൂണിറ്റ് തുടങ്ങാൻ ഭരണാനുമതി ലഭിച്ചതും അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തിക നിലവിലില്ലാത്തതുമായ 5 താലൂക്ക് ആശുപത്രികളിൽ (താലൂക്ക് ആശുപത്രി കട്ടപ്പന, താലൂക്ക് ആശുപത്രി ബേഡഡുക്ക, താലൂക്ക് ആശുപത്രി മംഗൽപ്പാടി, താലൂക്ക് ആശുപത്രി പത്തനാപുരം, താലൂക്ക് ആശുപത്രി കൊണ്ടോട്ടി) ഓരോ അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തിക വീതം സൃഷ്ടിക്കാമോ ?